## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 1952 10.03.2020 ൽ മറുപടിയ്ക്ക്

# നെല്ല് സംഭരണത്തിന് ചട്ടം രൂപീകരിക്കാൻ നടപടി

**ചോദ്യം**
ശ്രീ.എസ്.ശർമ്മ

**ഉത്തരം**
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| നെല്ല് സംഭരണത്തിൽ മില്ല് ഉടമകളും ഉദ്യോഗസ്ഥരും നടത്തുന്ന ചൂഷണം തടയാൻ സംഭരണ ചട്ടങ്ങൾക്ക് രൂപം നൽകുവാനും സംഭരണ വില കാലതാമസമില്ലാതെ കർഷകർക്ക് ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരമാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. നിലവിൽ കേന്ദ്ര സർക്കാരിന്റെ ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി ചൂഷണം ഒഴിവാക്കുന്നതിനായി പൂർണ്ണമായും കമ്പ്യൂട്ടർവൽകൃതവും സുതാര്യവുമായ സംവിധാനമാണ് നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ, സംഭരണ വില കാലതാമസമില്ലാതെ ലഭ്യമാക്കുന്നതിനായി സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ യോഗം വിളിച്ചുകൂട്ടി സമയബന്ധിതമായി പി.ആർ.എസ് വായ്പ ലഭ്യമാക്കുവാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ